# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4961 — 23.03.2018-ൽ മറുപടിയ്ക്ക്

### സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം. രാജഗോപാലൻ :** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| എ) സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത കേരളത്തിലും ഉടലെടുക്കുന്ന കാര്യം വകുപ്പ് തല ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ തടയുന്ന തരത്തിലുളള ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാകുമോ? | എ) & ബി) സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത കേരളത്തിലും ഉടലെടുക്കുന്ന കാര്യം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല, കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകുംവിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.<br><br>മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തി വരികയാണ്. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തി സ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടേയും പ്രയോഗ ങ്ങളുടേയും കടന്നുകയറ്റത്തിനെതിരെയുള്ള ചെറുത്തു നിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷം, വിവേകാനന്ദ സ്പർശം, ഗാന്ധിജിയുടെ രക്തസാക്ഷ്യത്തിന്റെ 70-ാം വാർഷികം - രക്തസാക്ഷ്യം 2018 എന്നിവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ |

ഏതാനും ചില പരിപാടികളാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ 'നമുക്ക് ജാതിയില്ലാ വിളംബരം' സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവയെ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മാഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ നടപ്പിലാക്കുകയാണ്.

മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ്, സർക്കാരിന്റെ നേതൃത്വത്തിൽ, ജാതീയ ഉച്ച നീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി. കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെതിരായ ആക്രമണം ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയായിട്ടാണ് സർക്കാർ കാണുന്നത്. ആർട്ടിസ്റ്റ് അശാന്തന്റെ ഭൗതിക ശരീരം ലളിതകലാ അക്കാദമി ഗ്യാലറിക്കുള്ളിൽ പൊതു ദർശനത്തിന് വയ്ക്കുന്നതിനെതിരെ ഫാസിസ്റ്റ് ശക്തികൾ നടത്തിയ ഭീഷണികളും ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. വ്യത്യസ്ത ചിന്താഗതികളോടുള്ള അസഹിഷ്ണുതയാണ് ഈ ആക്രമങ്ങൾക്ക് അടിസ്ഥാനം. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളും സംവാദങ്ങളും, ജനാധിപത്യപരമായ വിയോജിപ്പുകളും പ്രകടിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ ആശയങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിർത്താനാവശ്യമായ ചർച്ചകളും സെമിനാറുകളും കലാവിഷ്കാരങ്ങളും സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിയ്ക്കുന്നതാണ്.

Indhu

**സെക്ഷൻ ഓഫീസർ**